നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 28.01.2014-ൽ മറുപടിക്ക്

നമ്പർ : 3018

# ഒരു വകുപ്പിന്റെ കൈവശമുള്ള ഭൂമി മറ്റൊരു വകുപ്പിന് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ ബാലൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ ഒരു സേവന വകുപ്പിന്റെ കൈവശമുള്ള ഭൂമി മറ്റൊരു വകുപ്പിന് ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്കായി ലഭ്യമായ ഭൂമി ലാന്റ് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണ്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായി അത് പൊതു ആവശ്യങ്ങൾക്ക് നൽകി വരുന്നു. സർക്കാർ വകുപ്പുകൾക്ക് രണ്ടു വിധത്തിലാണ് ഭൂമി അനുവദിക്കുന്നത്. സർക്കാരിന്റെ 'സേവന വകുപ്പുകൾ' എന്ന നിർവചനത്തിൽ വരുന്ന വകുപ്പുകൾക്ക് സൗജന്യമായും. ഇതര വകുപ്പുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും കമ്പോള വില ഈടാക്കിയുമാണ് ഭൂമി അനുവദിക്കുന്നത്. സർക്കാർ ഭൂമിയുടെ ഉപയോഗവും കൈവശാവകാശവും മാത്രമാണ് ഇപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്നത്. ഭൂമിയുടെ ഉടമസ്ഥതയും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി അംഗീകൃത പ്രോജക്ടിനനുസൃതമായി അനുവദിക്കപ്പെട്ട ആവശ്യത്തിനു മാത്രമേ വിനിയോഗിക്കാവൂ. ഒരു വർഷത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കണം. കൈമാറ്റം ചെയ്യാൻ പാടില്ല; റവന്യൂ വകുപ്പിന്റെ അനുവാദം കൂടാതെ മരങ്ങൾ വെട്ടി നീക്കാൻ പാടില്ല തുടങ്ങിയ വ്യവസ്ഥകളാണ് നിലവിൽ ഭൂമി കൈമാറ്റ |

ഉത്തരവിൽ സർക്കാർ ഉൾപ്പെടുത്തുന്നത്. മേൽ പറയുന്ന വ്യവസ്ഥകളിലേതെങ്കിലും ലംഘിക്കപ്പെടുകയാണെങ്കിൽ ഭൂമി കൈമാറ്റ നടപടികൾ റദ്ദ് ചെയ്ത് ഭൂമി തിരികെ എടുത്ത് ലാന്റ് റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതാണ് എന്ന വ്യവസ്ഥയും ഉൾപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

ബി) പ്രസ്തുത വ്യവസ്ഥകൾ പൊതുമേഖല സ്ഥാപനങ്ങളുടെയും സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി സർക്കാർ വകുപ്പിനും സർക്കാർ വകുപ്പിന്റെ ഭൂമി പൊതുമേഖല സ്ഥാപനങ്ങൾക്കും, സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനും ബാധകമാണോ; അല്ലെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ ഭൂമി മറ്റു സ്ഥാപനങ്ങളുടെ ഭൂമിയുമായി പരസ്പരം കൈമാറുന്നതിന് നിയമ വ്യവസ്ഥയില്ല. സർക്കാർ സേവന വകുപ്പുകൾക്കു മാത്രമാണ് സർക്കാർ ഭൂമി സൗജന്യമായി നൽകുന്നത്. പൊതു മേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും ഭൂമിയുടെ കമ്പോളവില ഈടാക്കിയാണ് സർക്കാർ ഭൂമി അനുവദിക്കുന്നത്. കേരളാ ഫിനാഷ്യൽ കോഡ് - വാല്യം I 326-ാം ആർട്ടിക്കിൾ ഇത് വ്യക്തമാക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഉപാധികളോടു കൂടിയുള്ള ഭൂമി പതിവ്, പാട്ടം നടപടികളാണ് അനുവർത്തിച്ചു വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈവശമുള്ള ഭൂമി സർക്കാരിലേയ്ക്ക് നിരുപാധികം വിട്ടൊഴിഞ്ഞു നൽകാവുന്നതാണ്.

സി) ഇപ്രകാരം ഭൂമി ലഭിക്കുന്നതിന് സർക്കാർ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ്, സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ. (1968;) കേരള ഭൂസംരക്ഷണ നിയമം. മറ്റു പ്രസക്തമായ നിയമങ്ങൾ, നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് അനുസൃതമായ നടപടി ക്രമങ്ങളാണ് സ്വീകരിച്ചു വരുന്നത്. സർക്കാർ ഒരു പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ ഭൂമി ഏറ്റെടുക്കുവാൻ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ അംഗീകൃത പ്രോജക്ടിന് അനുയോജ്യവും, അവശ്യം വേണ്ടി വരുന്നതുമായ സർക്കാർ ഭൂമിയ്ക്ക് ഭരണ വകുപ്പിന്റെ അനുമതി വാങ്ങി ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള റിക്വിസിഷൻ ഭൂമി

| | | |
|---|---|---|
| | | കൈവശം വച്ചിട്ടുള്ള വകുപ്പിന്റെ സമ്മതപത്രം സഹിതം, ബന്ധപ്പെട്ട ജില്ലാകളക്ടർക്ക നൽകേണ്ടതാണ്. പ്രസ്തുത റിക്വിസിഷന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ വകുപ്പ് തയ്യാറാക്കുന്ന ഭൂമി കൈമാറ്റ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് ഭൂമി കൈമാറ്റ ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്നത്. |
| ഡി) | ഇപ്രകാരം ലഭിക്കുന്ന ഭൂമിക്ക് (ഡി) ഉടമസ്ഥാവകാശമാണോ, കൈവശാവകാശമണോ റവന്യൂ വകുപ്പ് നൽകുന്നത്; ഇത് നൽകുന്നതിന് ചുമതലപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ ആരാണ്; വ്യക്തമാക്കാമോ? | ഭൂമി കൈമാറ്റ നടപടികൾ പ്രകാരം ഭൂമിയുടെ ഉപയോഗവും കൈവശാവകാശവും മാത്രമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. ഈ ഭൂമി കൈമാറ്റശേഷവും സർക്കാർ ഭൂമിയായി തന്നെ തുടരുന്നതും ഉടമസ്ഥാവകാശം ലാന്റ് റവന്യൂ വകുപ്പിന്റെ രേഖകളിൽ സർക്കാർ പുറമ്പോക്ക് ആയി നിലനിൽക്കുന്നതുമായിരിക്കും. ഭൂമി കൈമാറ്റ വ്യവസ്ഥകൾ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്. സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ മുഖേനയോ, റവന്യൂ രേഖകളിൽ മാറ്റം വരുത്തിയോ കൈമാറാൻ കഴിയുന്നതല്ല. സർക്കാരിൽ റവന്യൂ വകുപ്പാണ് ഭൂമി കൈമാറ്റം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**